# colours

## എൻ എച്ച് എസ് എസ് വട്ടോളി

**Chief Editor**
K V Sasidharan (The Head Master)

**Editor**
Harinandana (LK Unit Leader)

**Staff Editor**
K Rekha (KITE Mistress)

**Sub Editor**
Sheza Mehak

**Advisory Body**
P Abdul Nasar
K P Rajeesh Kumar
A Prajeesh

**Members**
Sneha SR
Sheza Mehak
Devatheertha
Goutham Krishna
Adeev

**Cover**
Muhammed Adnan

**Layout & Printing**
Adith VS

**അ**ക്ഷരങ്ങളുടെ കൂട്ടുകാരേ,

**കേരള**ത്തിൽ 2018 മുതൽ വിവരവിനിമയ സാങ്കേതിക വിദ്യയുടെ ഭാഗമായി എല്ലാ വിദ്യാലയങ്ങളിലും നടത്തുന്ന വിദ്യാർത്ഥി, വിദ്യാർത്ഥിനികളുടെ ഒരു കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. ഈ പദ്ധതി വഴി കുട്ടികളിലെ വിവരവിനിമയ സാങ്കേതികവിദ്യ പരിപോഷിപ്പിക്കുന്നതിന് ഏറെ സഹായകമാവുകയാണ് ലിറ്റിൽ കൈറ്റ്സ്. സാമൂഹിക സാംസ്കാരിക മേഖലകളിൽ ഐ ടി സംവിധാനം ഏറെ സ്വാധീനം ചെലുത്തുന്ന ഈ കാലഘട്ടത്തിൽ കുട്ടികൾക്കും ഇതിൽ ഒരു ചെറിയ പങ്കാളിത്തം സൃഷ്ടിക്കാൻ സാധ്യത നൽകുകയാണ്. വിദ്യാലയങ്ങളിൽ ഐ ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് ഇതിൻെറ ഭാഗമായി ഓരോ അധ്യയന വർഷത്തിലും നമ്മുടെ സ്കൂളിലെ കുട്ടികളിലെ സർഗാത്മക കഴിവുകൾ കണ്ടെത്തി കൂടുതൽ മെച്ചപ്പെടുത്തുകയുമാണ്. 2019-20 ൽ അധ്യയന വർഷങ്ങളിലെ ലിറ്റിൽ കൈറ്റ്സിൻെറ ഭാഗമായി പുറത്തിറങ്ങുന്ന മാഗസീനിലൂടെ കുട്ടികളിലെ കഴിവുകൾ പുറംലോകം അറിയാൻ ഇത് സഹായകമാകുമെന്ന വിശ്വാസത്തോടെ സ്നേഹപൂർവ്വം സമർപ്പിക്കുന്നു.

എഡിറ്റർ

ഹരിനന്ദന



# FOUNDER MANAGER
## Dr. P P Padmanabhan



ഡോ.പി.പി.പത്മനാഭൻ

**VISITORS' BOOK**

*Iam very glad to have got an opportunity to visit the Vattoli National High School And open the New Block today. I find that the high school is situated entirely in the rural area and it is the result of the work of enthusiastic citizens like Dr.Padmanabhan. I wish the school authorities all success in their efforts.*

*K.Kamaraj*
*Chief Minister, madras.*

*May 3, 1955*



**V M Chandran**

**The Manager**

**National School Society Vattoli**



**K V Sasidharan**
**The Head Master**

# Little KITEs Unit

## LK/2018/16061



**Prajeesh A**

KITE Master



**Harinandana**

LK Unit Leader



**Rekha K**

KITE Mistress

## Group Leaders



**Adeev**



**Goutham Krishna**



**Sheza Mehak**



**Sneha SR**



**Athul Krishna**



**Parvana SS**



**Muhammed Adnan T**

# LK Unit Members


Anamika V


Nihara P


Sreya P S


Gouri Priya P


Anjana A S


Anjana Babu


Fidhal Prabhas


Davatheertha S G


Yadhu Krishna


Femin Fijas. M


Muhammed Rishan


Theertha Babu


Ramshas K K


Noushin Sharaf


Aadik Roshan S B


Mariya Parveen


Muhammed Sinan


Lasim M K


Muhammed Thanveer


Abhinav Shaji


Adwaith C K


Aswin A S


Adith V S


Devank S Ashok



Vinayak Krishna



Vishak M V



Shivada C M



Ayana Surash



Avani M



Ariyananda



Sreenandana S



# താളുകളിലൂടെ....

ബാല്ല്യം...11
പ്രളയത്തിന്റെ നിനവ്......12
സ്വപ്നം.......13
മാതൃസ്നേഹമില്ലെങ്കിൽ.......14
രണ്ട് കഥകൾ...17
Aisles of hopes....18
Gadhiji...19

എന്റെ വിദ്യാലയം....20

*The Handsome Cat...26*
*പ്രതിവിധി....27*
*മേഘം...28*
*സ്നേഹചിത്രങ്ങൾ...29*
*മഴ...30*
അലയുകയാണയാൾ...31
MY SECOND LIFE...34
LONELINESS....36
അമ്മ...38
എനിയൊരു അതിജീവനം...39
NON-EXISTENT
LONELINESS...41
Lovely Crimson Sets...43
Sub Dt. District & State winners....44
SSLC, USS, NMMS WINNERS....45
Snapshots...46

കവിത



അനുശ്രീ.കെ.കെ.
9C

# ബാല്ല്യം

ആ നല്ല നാളുകൾ എങ്ങു പോയി
ചെളിയിൽ കളിച്ചതും മണ്ണപ്പം ചുട്ടതും
ആ നല്ല നാളിൻെറ ഓർമയായി
ചെറുതെന്നൽ കാറ്റിൻെറ കുസൃതിയിൽ
വീണയാ ഒരു മാമ്പഴം നിന്നെയോർത്തുതേങ്ങി
കരിവാനം ആകെ കരഞ്ഞു നിന്നു
ഒരു മുല്ല നിന്നെതിരിഞ്ഞു നിന്നു
അകലേക്കു മായുന്ന ബാല്യകാലത്തിൻ ഒരി-
ക്കലും മായാത്ത നന്മദീപമായ് നീ
ഒരു കുഞ്ഞു മാമ്പഴ കഷ്ണമെന്നും
പങ്കിട്ടെടുക്കാൻ പടിപ്പിച്ചു നീ
പറയാതെ നീ തന്ന പാഠങ്ങളെല്ലാം
ബാല്ല്യകാലത്തിൻെറ ഒർമയായി
അറിയാതെപിരിഞ്ഞു നീ ദൂരേക്കു മയുന്നു
ഒരു നാളും പിരിയാത്ത ഓർമ്മ നീ
മുല്ലയും ചെത്തിയും തുമ്പയും ആ ബാല്ല്യ-
കാലത്തിൻ ഓർമ്മയായി നിറമാനം നിറയു-
മ്പോൾ സൂര്യൻെറ കൈകളാൽ ഒരു ചെടി-
മെല്ലെ ഉണർന്നുനിന്നു
അതി വേഗം മായുന്ന ഈ നാളുകളിൽ അതി-
വേഗം ഈ ബാല്ല്യം മാഞ്ഞുപോയി
ഒരിക്കലും മായാത്ത ഓർമയായി നീ ഇന്നും.

കഥ

# പ്രളയത്തിന്റെ നിനവ്

മാനസ വി പി
***X F***

**പാ**ലുണ്ണി രാവിലെ തന്നെ തീരാത്ത പാൽ. പാത്രവുമായി തിരിച്ചുവരുന്നതുകണ്ട്. മുക്കൻ സാബ് ചോദിച്ചു. എന്തേ. പാലും കൊണ്ട് മടങ്ങുന്നു. പാലുണ്ണി ഒന്നുനെടുവീര്പ്പിട്ടതേ ഉള്ളൂ അയാൾ പാൽ വിൽക്കുന്നതിനാലും പശുന്റെ അകിടിൽ പിടിച്ചു വലിക്കുന്നതിനാലും കിട്ടിയ പേരാണ് പാലുണ്ണി. പിന്നെ മുക്കുവന്സാബ്. കടലിന്റെ മകനായതിനാൽ എല്ലാവരും ജാതിപ്പേരിന്റെകൂടെ സാബ് എന്നും ചേര്ത്തു വിളിക്കുന്നു അത്രസമാത്രം. പാലുണ്ണി പാറഞ്ഞു. സാബേ, ഈ കരയിലുള്ളോർ പാലും പാത്രവും പാട്ടുമെല്ലാമെറിഞ്ഞോടുകയാ. ഈ കടലിനെരിളക്കം. എന്തോ മീനിനൊക്കൊ ഒരു ചാട്ടം. അതൊക്കെ സ്വയം കരയിലെക്കെടുത്തി ചാടി ചാവുകയ. ചാത്തുഏട്ടനും കല്യണിയും ഒക്കെ ചാല് വേണ്ടാന്നു പാരഞ്ഞു. അമ്മ വീട് അചഛൻ വീട് തുടങ്ങി. ബന്ധു വീട്ടിലേക്കുപോവാ. അറീല്ല എന്താന്ന്. സാബ് പുഞ്ചിരിയോടെ മറുപടി പറഞ്ഞു . എടോ ഈ കടല് കരയണേ ആദ്യായിട്ടൊന്നുഅല്ലല്ലൊ ന്തായാലും എനിക്ക് ആയിരം കണ്ണനെ എറിഞ്ഞിററ് മീൻ പിടിക്കണ്ടേ . അതൊക്കെ കരേലേക്ക് വരുവാണല്ലോ. എന്തോ സുനാമിയാകും. സ്വർഗ്ഗം കിട്ടിയാൽ മതിയാർന്നു. പാലുണ്ണി വിഭ്രാന്തിയോടെ. സാബ് നടന്നകലുന്നതും നോക്കിനിന്നു. അല്ലെങ്കില് ഇയാക്കെങ്ങനാ സ്വർഗ്ഗം കിട്ടുക. ഈ കണ്ട മീനിനെയൊക്കേ കൊല്ലുണ ഇയാൾക്ക് നരകം കിട്ടുഓ കാർത്താവേ. സാബ് അങ്ങനെയാണ് മരത്തെ അയാൾക്ക് ഒട്ടും പേടിയില്ല. ശുഭാപ്തി വിശ്വസക്കാരനാണ് അമ്മയോ അചഛനോ ആരുമില്ലാത്ത അയാൾക്ക് അമ്മയാണ് കടൽ പാലുണ്ണി കാര്യം അറിഞ്ഞതിൽ പിന്നെ റേഡിയോകൾ പിണങ്ങി നാടാകെ കടലിനെ ശപിക്കാനും വഴി പറയാനും തുടങ്ങി ഇനിയീ വെള്ളം മുഴുവൻ ഓല വീടിന്റെ മുകളിൽക്കേറി ഓലയോടങ്ങുപോകുമോ എന്നാണ് ദരിദ്രരുടെ പേടി. ഇനി ഈ വെള്ളം മുഴുവൻ കാറിലും പെയിന്റിലും കൊണ്ട് അതൊക്കെ നശിച്ചുപോകുമോ എന്ന് ധനികരുടെ പേടി. കാലമെത്ര കഴിഞ്ഞാലും ശാസ്ത്രം മൂക്കും കുത്തി വീണാലും മനുഷ്യന്റെ അത്യാർത്തിമാറില്ല എന്നതാണ് വാസ്തവം . പെട്ടെന്നുള്ള മഴയും കരക്കാരെ ഭയപ്പെടുത്തി ആരും ഒന്നും അറിയാതെ ചായയൊക്കെ കഴിഞ്ഞ് പത്രവയനയ്ക്കി രിക്കുന്നതെള്ളൂ. വെഴഴം കയറി കയറി വന്ന് കരയ്ക്കപ്പുറത്തുള്ള അനേകം ബന്ധുവീടുകൾ നിറഞ്ഞു കഴിഞ്ഞു യാതൊരു ദയയും ഭക്ഷണവും ഇല്ലാതെ വെള്ളം അരയോളം എത്തി ഈ സമയം ടിവികളും റേഡിയോകളും അതിനെ പ്രളയം എന്നു വിളിച്ചു.ആ പ്രളയം എല്ലാം കൊണ്ടുപോയി.ഇപ്പോൾമണ്ണിൽ നിന്നും ചോരയാണ് വരുന്നത്.കടലിന്റെ മക്കളാണ പ്രളത്തിൽ രക്ഷാപ്രവർത്തനത്തിൽ പങ്കാളികൾ അയത്. സ്നേഹമെന്ന വാക്കിനെന്തോ ഇന്ന് അർത്ഥം വന്നപോലെ. ഈ കഥയിലെ കടലിന്റെ മക്കളായ മുക്കുവാൻമാർ സ്വന്തം ശരീരത്തെ ചവിട്ടുപടിയാക്കി

പാലുണ്ണി സന്തോഷവാനാണ് ഒരാൾ രക്ഷപ്പെട്ടതിലും മറ്റൊരാൾ രക്ഷപ്പെട്ടതിലും. എത്ര വിശാലമാണ് ഈ ലോകം.

കവിത

# സ്വപ്നം

അറിയാതെ ഞാനന്റെ
വഴികളിലെവിടെയോ...
ഒരു കൊച്ചു സ്വപ്നം കളഞ്ഞുപോയി
പരതി നടന്നു ഞാൻ
വഴികളിലങ്ങിങ്ങു ആ നല്ല -
സ്വപ്നത്തെ തിരികെ നേടാൻ
മിഴികൾ നിറഞ്ഞു ഞാൻ
നിൽക്കുന്ന നേരത്തിന്നറിയാതെ
ആശിച്ചു പോകുന്നു ഞാൻ
ഈ പുതുമഴയിലെൻ -
സ്വപ്നം മുളച്ചങ്ങു മരമായ് -
വളർന്നങ്ങു മാറുമെന്ന്
നിറമുള്ള പൂക്കളെ
ചില്ലയിൽ പേറിയും
വാനോളമെന്നും വളരുമെന്ന്
ദിവസങ്ങളെണ്ണി ഞാൻ
നിൽക്കുന്ന നേരത്ത് സ്വപ്നത്തെ -
വഴിയിലായ് കണ്ടുമുട്ടി
മഴയേത്തുമില്ലാതെർ
വെയിലേറ്റു സ്വപ്നം
വാടിക്കരിഞ്ഞു തളർന്നുപോയി.
ഇന്നു ഞാനറിയുന്നു
ചിലരുടെ സ്വപ്നങ്ങൾ
പൂത്തുതളിർക്കാതെ
കൊഴിയുമെന്ന് നമ്മോടെ -
മണ്ണിൽ ലയിക്കുമെന്ന്....

Sreya Ragesh

Story

പുണ്യ രാജേഷ്
X L

# മാതൃസ്നേഹമില്ലെങ്കിൽ.......



**മു**ത്തശ്ശി കിടപ്പിലാണ്. വളരെ കാലമായി.
ആരും തുണയില്ല. മക്കളും പേരക്കുട്ടികളും വീട്ടിൽതന്നെ ഉണ്ട്. ആർക്കും ആ വൃദ്ധയായ സ്ത്രീയെ നോക്കാൻ സമയമില്ല. അതുകൊണ്ട് അവരെ നോക്കാനായി ഒരു വേലക്കാരിയെ വെച്ചിരിക്കുകയാണ്. ആ വേലക്കാരിയാണെങ്കിൽ വേണ്ട സമയത്ത് മുത്തശ്ശിക്ക് ഭക്ഷണമോ മരുന്നോ കൊടുക്കുകയുമില്ല അതിനേക്കാൾ വലിയ ജോലിയിലാണവൾ ഫോണിൽ കുത്തലോട് കുത്തൽ.

മുത്തശ്ശിക്ക് വാക്കുകൾ പുറത്തെടുക്കാൻ പ്രയാസമായിരുന്നു. അത്രയ്ക്ക് അവശയായിരുന്നു. അതുകൊണ്ട് ഒന്നും ആരോടും പറയാതെ തന്റെ വിധിയേയും സഹിച്ച് ആ സ്ത്രീ അവിടെ വേദന യോടെ കഴിയുകയാണ്. അവിടയാണ് തന്റെ അനുജത്തിയുടെ മകന്റെ മകളായ ചിഞ്ചു അവിടെ എത്തുന്നത്. അവൾ പ്രകൃതിസ്നേഹിയായിരുന്നു. കിട്ടുന്നസമയമെല്ലാം പ്രകൃതിയോടൊത്തിണങ്ങി യായിരുന്നു അവളുടെ ജീവിതം. അവൾ വന്നതിൽ പിന്നെ തന്റെ പേരകുട്ടികളുടെ എല്ലാം മുഖം ചിരിച്ചുകണ്ടിട്ടേയുള്ളൂ എന്ന് മുത്തശ്ശി അറിയിച്ചു. തനിക്കും ഒന്ന് അവരെ കാണണം എന്ന് പറഞ്ഞു. അപ്പോഴാണ് ചിഞ്ചു മുത്തശ്ശിയെ ശ്രദ്ധിക്കുന്നത്. താൻ വന്നതിൽ പിന്നെ ചിറ്റയെ ഒന്നുനോക്കാനോ സംസാരിക്കാനോ കഴിഞ്ഞില്ല എന്ന് അപ്പോ ഴാണവൾ ചിന്തിക്കുന്നത്.

പിന്നീട് അവൾ ചിറ്റയെ വേണ്ടുവോളം ശ്രദ്ധിച്ചുതുടങ്ങി. മുത്തശ്ശിക്ക് അവൾ വന്നത് ഒരു ആശ്വാസമായി. ചിഞ്ചു പിന്നീട് ആ വേലക്കാരിയുടെ കള്ളത്തരവും മടിയുമെല്ലാം കണ്ടുപിടിക്കുകയും അവളെ അവിടെ നിന്ന് പറഞ്ഞുവിടുകയും ചെയ്തു. പിന്നീട് ചിഞ്ചു ആ ദൗത്യം ഏറ്റെടുത്തു. മത്തശ്ശിയുടെ മകനായ അവളുടെ മാമനോട് അവൾ പറഞ്ഞ മറുപടി ഇങ്ങനെയായിരുന്നു എന്റെ ചിറ്റയെ ഞാൻ നോക്കികൊള്ളാം. മാമനൊക്കെ പലതും മറന്നെങ്കിലും ഞാൻ ഒന്നും മറന്നിട്ടില്ല. എന്നെ എന്റെ ചെറുപ്പത്തിൽ ഊട്ടിയതും ഉറക്കിയതുമെല്ലാം എന്റെ ഈ ചിറ്റയായിരുന്നു അവൾ കണ്ണിൽ നിന്നും വരുന്ന കണ്ണീർ തുടച്ചു. മുത്തശ്ശിയുടെ കണ്ണിൽ നിന്നും ഒഴുകുന്നുണ്ടായിരുന്നു. അവൾ വീണ്ടും തുടർന്നു. മാമനേയും അതുപോലെതന്നെയായിരുന്നുവെന്ന് അമ്മ പറഞ്ഞ് കേട്ടിട്ടുണ്ട്. ഈ രണ്ട് കിടാങ്ങളായ അച്ചുവിനേയും അപ്പുവിനേയും (മാമന്റെ മക്കൾ) വളർത്തിയത് ഈ ചിറ്റയാണ് , കിടപ്പിലാവുന്നതിനുമുമ്പുവരെ. ഇപ്പോൾ ഈ പിള്ളേർക്ക് ഫോണെല്ലാം വാങ്ങിച്ചുകൊടുത്ത് അതിന് അടിമയാക്കി. ഇത്രയും പറയുമ്പോഴേക്കും മാമൻ പൊട്ടിത്തെറിച്ചു. ചിഞ്ചു നീ ആരുടെ അടുത്തുനിന്നു പഠിച്ചു ഇത്രയ്ക്ക് ധിക്കാരം? നിങ്ങൾ ചെയ്യുന്ന പ്രവൃത്തി ബഹു കേമം പിന്നെ ഞാൻ പറയുന്നതിലാണോ പ്രശ്നം ? ഇതിനിടയിൽ മുത്തശ്ശി കയർത്തു പറഞ്ഞു. ചിഞ്ചു മതി മോളേ... ഇവരുടെ വായിൽ നിന്നും കേൾക്കേണ്ടതു മുഴവൻ ഞാനും നീയും കൂടാ.

അവൾ മുത്തശ്ശിയേയും കെട്ടിപ്പിടിച്ചുകൊണ്ട് കരഞ്ഞു. അപ്പോഴേക്കും മാമനും ഭാര്യയും മക്കളും അവിടെ നിന്നും പോയിക്കഴിഞ്ഞിരുന്നു. ചിറ്റേ എന്താണിവരിങ്ങനെ? അവർ സാങ്കതികവിദ്യയുടെ കൈയിൽ അകപ്പെട്ടിരിക്കുകയാണ്... എനിക്ക് എന്റെ പേരകുട്ടികൾ എന്നെ മുത്തശ്ശീ എന്നു വിലിക്കുതൊന്നുകേൾക്കണമായിരുന്നു. അത് എനിക്ക് ഈ ജന്മം എനി കേൾക്കാൻ കഴിയോ ആവോ? എന്റെ അവസന ആഗ്രഹം നിനക്ക് നടത്തിതരാൻ കഴിയോ ചിഞ്ചേ? അവൾ വിതുമ്പികൊണ്ട് പറഞ്ഞു ചിറ്റേ... നിനക്ക് ഇത് കേൾക്കാൻ വയ്യ ഇങ്ങ

നെയൊന്നും എന്നോട് പറയല്ലേ... എന്റെ ചിറ്റ
ഇനിയും ഒത്തിരികാലം ജീവിക്കണം
അച്ചുവും അപ്പിവും മുത്തശ്ശിയെന്ന് സ്നേഹത്തോടെ
വിളിക്കും അവരു മാത്രമല്ല. മാമനും മാമിയും
അമ്മേ എന്ന് വിളിക്കും. അത് ഈ ചിഞ്ചു
മുത്തശ്ശിക്കു തരുന്ന വാക്കാണ്.

കുറച്ചു ദിവസങ്ങൾ പിന്നിട്ടു. ഒരു വൈകു
ന്നേരം മാമന് അപകടം പറ്റിയെന്നു പറഞ്ഞ് ഒരു
വിളി വന്നു. മാമിയും മക്കളും കരഞ്ഞുകൊണ്ടേയി
രിക്കുകയാണ്. ചിഞ്ചു അവരേയും കൊണ്ട് ആശു
പത്രിയിൽ പോയി. അകത്തുകടക്കാൻ പ്രവേശന
മില്ല. അവരെ പുറത്ത് ഇരിപ്പിച്ചു. ഡോക്ടറെ കണ്ട
പ്പോൾ പറഞ്ഞത് ഗുരുതരാവസ്ഥയിലാണെന്നാ
ണ്. ഡ്രൈവ് ചെയ്യുമ്പോൾ ഫോൺ ചെയ്തതാണ്
കാരണമെന്നും പറഞ്ഞു. കാല് പൊട്ടിയിട്ടുണ്ട്
തലയ്ക്ക് ക്ഷതം ഏറ്റിട്ടുണ്ട്. കുറച്ചു ദിവസം കഴിഞ്ഞ
പ്പോൾ ഒക്കെ ഭേദമായി മാമനേയും കൊണ്ട്
മാമിയിങ്ങ് പോന്നു. ചിഞ്ചുവും അച്ചുവും അപ്പുവും
നേരത്തേ ഇങ്ങ് പോന്നായിരുന്നു. മുത്തശ്ശിയുടെ
അടുത്ത് അതുവരെ ചിഞ്ചുവിന്റെ അമ്മ വന്നു
നിന്നു. വീട്ടിൽ മാമനേയും കൊണ്ട് മാമി തിരി
ച്ചെത്തിയപ്പോൾ മാമൻ ആദ്യം പറഞ്ഞത്
അമ്മയെ കാണണം എന്നാണ്.....



**രണ്ട് കഥകൾ**

**മിനിക്കഥ**

# തിരുത്ത്

**നാസർ കക്കട്ടിൽ**

പാമ്പിനേയും എലിയേയും കൊല്ലാൻ തുനിയുമ്പോൾ ബഷീറിന്റെ ഭൂമിയുടെ അവകാശികൾ ഓർമ്മയിലെത്തും. പിന്നെ കൈ വിറയ്ക്കും. ആയതിനാൽ ഇപ്പോൾ ഒന്നും വായിക്കാറില്ല. അതുകൊണ്ട് തന്നെ എത്ര വെട്ടുവെട്ടാനും മനസ്സ് സജ്ജമാണ്.

●

**കഥ**

# ബീരാനിക്ക

**നാസർ കക്കട്ടിൽ**

ഒരു കുഞ്ഞിക്കാല് കാണാൻ സൗഭാഗ്യമില്ലാത്ത ആ വീട് നിശ്ശബ്ദമായിരുന്നു.

ഭാര്യ അടുക്കളയിൽ വിരസതയിൽ നീറുകയാണ്.

അയാൾ ഞായറാഴ്ചയിലെ അധിക ഉറക്കത്തിന്റെ ആലസ്യത്തിലും.

അന്നേരമാണ് ബീരാനിക്ക വീട്ടിലേക്ക് വടിയും കുത്തിപ്പിടിച്ച്, ഗേറ്റ് കടന്ന് പ്രയാസപ്പെട്ട് കയറിവന്നത്.

ബീരാനിക്ക ഇപ്പോഴും ജീവിച്ചിരിപ്പുണ്ടല്ലോ എന്നോർത്ത് അയാൾ അത്ഭുതപ്പെട്ടു.

പിതാവിന്റെ കാലത്തേ സഹായാഭ്യർത്ഥനയുമായി വരാറുള്ളതാണ്. കുറേക്കാലമായി കണ്ടിട്ട്. ഇപ്പോൾ കൂടുതൽ അവശനായിരിക്കുന്നു.നാലോ അഞ്ചോ തടിമിടുക്കുള്ള ആൺകുട്ടികൾ ഗൾഫിലും മറ്റുമായുണ്ട് എന്നിട്ടും ഇത്ര പ്രയാസപ്പെട്ട്...

ബീരാനിക്ക ദുരിതങ്ങളുടെ കെട്ടഴിച്ചു.

ചായകുടിച്ചു, കൊടുത്ത സഹായം അരപ്പട്ടയിൽ തിരുകി, പോകാൻ- നേരത്ത് അയാൾ ബീരാനിക്കയോട് പതുക്കെ പറഞ്ഞു:

'ഞങ്ങൾക്ക് കുട്ടികളുണ്ടാവാൻവേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം.'

ബീരാനിക്ക ഒന്നും പറയാതെ, പീളകെട്ടിയ മഞ്ഞ കലർന്ന കണ്ണുകളോടെ ഒന്നമിഴിച്ചുനോക്കി. എന്നിട്ട് രോഷവും സങ്കടവും നിറഞ്ഞ ശബ്ദത്തോടെ പറഞ്ഞു:

'അക്കാര്യം മാത്രം മോൻ എന്നോട് പറേരുത്..'

അയാൾ നോക്കിനിൽക്കെ, ബീരാനിക്ക വേച്ചുവേച്ച് നടന്നുപോയി.



വര: അബു സമാ

Acrylic Painting



Lagesh GL

## Aisles of hopes





Gadhiji

A silhoutte painting by Kalyani S

# എന്റെ വിദ്യാലയം

പതിറ്റാണ്ടുകളുടെ വിദ്യാഭ്യാസചരിത്രവുമായി വടകര വിദ്യാഭ്യാസ ജില്ലയിലെ കുന്നുമ്മൽ ഉപജില്ലയിൽ പ്രവർത്തിക്കുന്ന വട്ടോളി നാഷണൽ ഹയർസെക്കണ്ടറി സ്കൂളിൽ യു.പി, ഹൈസ്കൂൾ,ഹയർസെക്കണ്ടറിവിഭാഗങ്ങളിലായി 3000 ത്തോളം വിദ്യാർത്ഥിക്കൾ പഠനം നടത്തുന്നു. 1951 ൽ ഒരു ജനകീയ കൂട്ടായ്മയിലൂടെ സ്ഥാപിതമായ ഈ വിദ്യാലയത്തിന്റെ ഉദ്ഘാടനം നടത്തിയത് നാദാപുരം മുൻസിഫ് ആയിരുന്ന ജസ്റ്റിസ് കെ. ഭാസ്കരമേനോനാണ്. പ്രഥമ മാനേജർ ഡോ.പി പത്മനാഭൻ, ഹെഡ്മാസ്റ്റർ ശ്രീ മൂർക്കോത്ത് ശ്രീനിവാസൻ തുടങ്ങിയ മഹത് പ്രതിഭകളുടെ നേതൃത്വത്തിൽ സ്കൂൾ പ്രവര്ത്തനം ആരംഭിച്ചു. 1955 ൽ മദ്രാസ് മുഖ്യമന്ത്രി ശ്രീ കാമരാജ് നാടാറും 1956 ൽ മദ്രാസ് ഗവർണർ ശ്രീ ശ്രീ പ്രകാശവും കെട്ടിടങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചതോടെ ഭൗതികസൗകര്യങ്ങളുടെ കാര്യത്തിലും സ്കൂൾ മികവുറ്റതായി മാറി. വിദ്യാഭ്യാസ- സാമ്പത്തിക രംഗത്ത് ഏറെ പിന്നോക്കം നിൽക്കുന്ന ഈ മലയോര മേഖലയ്ക്ക് ഉന്നതവിദ്യഭ്യാസം എന്ന സ്വപ്നസാക്ഷാത്കാരത്തിന് ഈ സ്ഥാപനം വഴിയൊരുക്കി. പുരോഗതിയുടെ പതിറ്റാണ്ടുകൾ പിന്നിട്ട് 1998 ൽ സ്കൂളിൽ ഇംഗ്ലീഷ് മീഡിയം ബാച്ചുകൾ ആരംഭിച്ചതും 2000 ത്തിൽ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തിയതും വിദ്യാലയ ചരിത്രത്തിലെ അവിസ്മരണീയ മുഹൂർത്തങ്ങളാണ്. പൊതു ജീവിതത്തിന്റെ ഭിന്ന മണ്ഡലങ്ങളിൽ പ്രതിഭ തെളിയിച്ച ഒട്ടേറെ പൂർവ്വ വിദ്യാർത്ഥികൾഎന്നും ഈ വിദ്യാലയത്തിന്റെ അക്ഷയ സമ്പത്തായി നിലനിൽക്കുന്നു. ഭൗതിക സൗകര്യങ്ങൾ കൊണ്ടും പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലെ മികവു കൊണ്ടും ശ്രദ്ധേയമായ ഈ വിദ്യാലയം കലാ-കായിക- ശാസ്ത്ര-സാംസ്കാരിക മേഖലകളിൽ സംസ്ഥാനതലത്തിലും ദേശീയ തലത്തിലും നിരവധി അംഗീകാരങ്ങൾ നേടിയിട്ടുണ്ട്. അന്വേഷിക്കുക, അധ്വാനിക്കുക, ആർജ്ജിക്കുക എന്ന തത്വം മനസ്സിൽ സൂക്ഷിച്ചുകൊണ്ട് ആത്മാർത്ഥതയും അർപ്പണബോധവുമുള്ള ഒരു തലമുറയെ സൃഷ്ടിക്കലാണ് ഈ വിദ്യാലയത്തിന്റെ ലക്ഷ്യം.

## സന്നദ്ധ സംഘടനകൾ

എൻ.സി,സി, സ്റ്റുഡന്റ് പോലീസ്, സ്കൗട്ട് & ഗൈഡ്സ്, ജെ.ആർ.സി, എൻ. എസ്. എസ് തുടങ്ങിയ വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ സന്നദ്ധ സംഘടനക ളുടെയും യൂണിറ്റ് ഈ വിദ്യാലയത്തിലുണ്ട്.

## എൻ.സി.സി

രാജ്യത്തിന്റെ പ്രതിരോധ സേനയുടെ ഭാഗവാക്കാനും കുട്ടികളിൽ ദേശീയബോധവും അച്ചടക്കവും വളർത്തിയെടുക്കാനുമുതകുന്ന 30 KERALA BN NCC-188 JD എൻ.സി.സി യൂണിറ്റ് സ്കൂളിൽ 56 വർഷമായി പ്രവർത്തിച്ചുവരുന്നു. 100 അംഗങ്ങളുള്ള ഈ സേനയിൽ 33% പെൺകുട്ടികൾക്ക് സംവരണം ചെയ്തിട്ടുണ്ട്.

## സ്റ്റുഡന്റ് പോലീസ്

പൗരബോധവും ദേശസ്നേഹവും അച്ചടക്കവും നിയമബോധവുമുള്ള ഒരു യുവ തലമു റയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ കീഴിൽ സംഘടന പ്രവർത്തിക്കുന്നു. 44 ആൺകുട്ടികളും 44 പെൺകുട്ടികളുമാണ് ഈ സന്നദ്ധ സേനയിലുള്ളത്.

## സ്കൗട്ട്&ഗൈഡ്സ്

കുട്ടികളിൽ സന്നദ്ധ സേവനമനോഭാവവും സഹിഷ്ണുതയും വളർത്തുന്ന വിശ്വസാഹോ ദര്യ പ്രസ്ഥാനമായ ഭാരത് സ്കൗട്ട്&ഗൈഡ്സ് യൂണിറ്റ് സ്കൂളിൽ പ്രവർത്തിച്ചു വരുന്നു. സ്കൗട്ട് വിഭാഗത്തിൽ 32 അംഗങ്ങളും ഗൈഡ്സ് വിഭാഗത്തിൽ 64 കേഡറ്റുകളും പ്രവർത്തിക്കുന്നു.

## ജെ.ആർ.സി

ആരോഗ്യം,സേവനം, സൗഹൃദം എന്ന് മുദ്രാവാക്യമുയർത്തിപ്പിടിച്ചുകൊണ്ട് സേവന നിരതമായ പ്രവർത്തനങ്ങളുമായി ജെ.ആർ.സി ഈ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നു. ഹൈസ്കൂൾ വിഭാഗത്തിൽ 50 വീതം അംഗങ്ങളുള്ള രണ്ടു യൂണിറ്റുകളും യു.പി വിഭാഗത്തിൽ 30 അംഗങ്ങളുള്ള ഒരു യൂണിറ്റും ഈ സന്നദ്ധ സംഘടനയുടെ ഭാഗമായി പ്രവർത്തിക്കുന്നു.

## ലിറ്റിൽ കൈറ്റ്സ്

സ്കൂൾ പരിപൂർണ്ണമായും സാങ്കേതികവൽകരിക്കപ്പെടുന്നതിന്റെ ഭാഗമായി കുട്ടികളിൽ വിവര സാങ്കേതിക വിദ്യയിൽ ഗഹനമായ അറിവ് നേടുന്നതിന് എട്ടാം ക്ലാസിലെ തിരഞ്ഞെടുക്കപ്പെട്ട 40 കുട്ടികൾക്കായുള്ള സന്നദ്ധസംഘടന 'ലിറ്റിൽ കൈറ്റ്സ്' 2017 മുതൽ പ്രവർത്തനമാരംഭിച്ചു.

## പഠനപ്രവർത്തനങ്ങൾ

5 മുതൽ 10 വരെയുള്ള ക്ലാസുകളിൽ അധ്യാപകരുടെ നേതൃത്വത്തിൽ വിജയോത്സവം പദ്ധതി നടന്നുവരുന്നു. പഠനപിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ കോച്ചിംഗ്, മോണിംഗ്-ഈവനിംഗ് ക്ലാസ്സുകൾ, അവധിദിന ക്ലാസ്സുകൾ, പിയർ ഗ്രൂപ്പ് പഠനവികസന ക്ലാസുകൾ കൗൺസലിംഗ് കരിയർ ഗൈഡൻസ് ക്ലാസുകൾ പഠനമികവിനുള്ള സ്കോളർഷിപ്പുകൾ തുടങ്ങിയവ വിദ്യാർത്ഥികൾക്ക് ആത്മ വിശ്വാസം പകരുന്നുണ്ട്.

## ജാഗ്രതാ സമിതി

നാലു ബ്രിഗേഡിയൻമാരുള്ള ക്ലാസ്തല ജാഗ്രതാസമിതി സ്കൂളിന്റെ അച്ചടക്കത്തിനും കുട്ടികളുടെ സുരക്ഷിതത്വത്തിനും ഏറെ സഹായകകരമാണ്.ക്ലബ്ബ് പ്രവർത്തനങ്ങൾ ശാസ്ത്ര, ഗണിതശാസ്ത്ര, പ്രവൃത്തിപരിചയ, സാമൂഹ്യശാസ്ത്ര, ഐ.ടി ക്ലബ്ബുകൾ ക്ലാസ് തലത്തിലും സകൂൾ തലത്തിലും പ്രവർത്തിച്ചുവരുന്നു. ഈ ക്ലബ്ബുകളുടെ നേതൃത്വ ത്തിൽ വർഷം തോറും നടത്തിവരുന്ന സ്കൂൾ ശാസ്ത്രമേള, ഉപജില്ലാ, ജില്ലാ, സംസ്ഥാന മേളകൾക്ക് പ്രചോദനമാകാറുണ്ട്. കുട്ടികളിൽ പരിസ്ഥിതി അവബോധം വളർ ത്താനുതകുന്ന വൈവിധ്യമായ പരിപാടികളുമായി ഒരു ഹരിതസേന സ്കൂളിൽ പ്രവർ ത്തിക്കുന്നു. ഗാന്ധി ദർശൻ, ഹെൽത്ത് ക്ലബ്ബ, ഫിലിംക്ലബ്ബ്, ഇംഗ്ലീഷ് ലിറ്ററി ക്ലബ്ബ്, കരാട്ടെ ക്ലബ്ബ്, ഭാഷാവേദി, ടൂർ ക്ലബ്ബ്, മീഡിയ ക്ലബ്ബ് തുടങ്ങിയവ സ്കൂൾ പ്രവർ ത്തനത്തിന് ഊർജ്ജം പകകരുന്നുണ്ട്.

## വിദ്യാരംഗം കലാസാഹിത്യവേദി

കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുന്നതിനും സർഗ്ഗശേഷി ഉണർത്തുന്നതിനും നമ്മുടെ സ്കൂളിൽ വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തിച്ചു വരുന്നു. നാഷണൽ പത്രം, നാഷണൽ ബ്ലോഗ്, ക്ലാസ് മാഗസിൻ , കലാമത്സരങ്ങൾഎന്നിവ ഇതിന്റെ കീഴിലാണ് നടക്കാറുള്ളത്.

## ലൈബ്രറി&റീഡിംഗ് റൂം

പതിനായിരത്തോളം പുസ്തകങ്ങളും നിരവധി ആനുകാലിക പ്രസിദ്ധീകരണങ്ങളും, ദിനപത്രങ്ങളും, റഫറൻസ് ഗ്രന്ഥങ്ങളും സ്കൂൾ ലൈബ്രറിയെ ആകർഷകമാക്കുന്നു, ക്ലാസ് തലത്തിലും അധിക വായനക്കായി ലൈബ്രറിയിൽ നിന്ന് നേരിട്ടും കുട്ടി കൾ ക്ക് പുസ്തകങ്ങൾ ലഭ്യമാക്കുന്നുണ്ട്. സ്കൂളിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തി ക്കുന്ന റീഡിംഗ് കോർണറുകളും ക്ലാസ് തല വായന മൂലകളും കുട്ടികൾക്ക് ഏറെ വിജ്ഞാനപ്രദമാണ്.

## കായികം

വിശാലമായ ഒരു ഗ്രൗണ്ട് ഈ സ്കൂളിന്റെ അനുഗ്രഹമാണ്. ബാസ്കറ്റ് ബോള്, വോളി ബോൾ, ഫുട്ബോൾ, ക്രിക്കറ്റ് തുടങ്ങിയവ ഗെയിംസ് ഇനങ്ങളിലും അത്ലറ്റിക്ക് ഇനങ്ങളിലും നിത്യേന പരിശീലനം നൽകുന്നുണ്ട്. സംസ്ഥാന ദേശീയ തലത്തിൽ ശ്രദ്ധേയരായ ഒട്ടേറെ കായിക താരങ്ങളെയും നിരവധി കായിക അധ്യാപകരെയും സംഭാവന ചെയ്യാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.

## ലാബ് പ്രവർത്തനങ്ങൾ

യു.പി ഹൈസ്കൂൾ വിഭാഗങ്ങൾക്കായി വൈ.ഫൈ സംവിധാനത്തോടുകൂടിയ മൂന്നു കമ്പ്യൂട്ടര് ലാബുകളും 150 ഓളം കുട്ടികൾക്ക് ഇരിക്കാവുന്ന സ്മാർട്ട് റൂമും മികച്ച സയൻസ് ലാബും വിദ്യാർത്ഥികളുടെ പഠനം അനായാസകരമാക്കുന്നു.

## കല

ഉപജില്ല, സംസ്ഥാന കലോത്സവങ്ങളിൽ വിജയികളായ ഒട്ടേറെ കലാ പ്രതിഭകളെ സൃഷ്ടിക്കാൻ സ്കൂൾ കലോത്സവം വേദിയാകാറുണ്ട്. ഉപജില്ലാ തലത്തിൽ നിരവധി തവണ കിരീടം നേടുകയും ജില്ലാ സംസ്ഥാന തലത്തിൽ മികവു തെളിയിക്കുകയും ചെയ്തിട്ടുണ്ട്.

## പി.ടി.എ

സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങൽ സുഖമാക്കുന്നതിന് പി.ടി.എ യുടെ സജീവമായ പങ്കാളിത്തം ഒരു മുതൽക്കൂട്ടായി. മദർ പി.ടി.എ, ക്ലാസ് പി.ടി.എ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് എന്നിവ ഇതിന്റെ ഭാഗമായി പ്രവർത്തിക്കുന്നു.

## സ്കൂൾ ജനാധിപത്യ വേദി, ക്ലാസ് സഭ

കുട്ടികളിൽ ജനാധിപത്യ ബോധം വളർത്തുന്നതിന് വേണ്ടി പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശ പ്രകാരം സ്കൂൾ ജനാധിപത്യ വേദിയും ക്ലാസ് സഭയും പ്രവർത്തിക്കുന്നു. ക്ലാസ് തലത്തിൽ നടത്തുന്ന ക്ലാസ് സഭകൾ ഭൗതിക സൗകര്യങ്ങളും പാഠ്യ വിഷയങ്ങളും വിശദമായി ചർച്ച ചെയ്ത് നടപ്പിലാക്കാൻ ശ്രമിക്കാറുണ്ട്.

## സ്കോളർഷിപ്പ്

പഠനത്തിൽ മികവു പുലർത്തുന്ന വിദ്യാർത്ഥികൾക്കായി സ്കൂൾ തലത്തിൽ ട്രോഫി ഷൻസി വിതരണം ചെയ്യുന്നു. കൂടാതെ വിവിധ രീതിയിലുള്ള എൻഡോവ്മെന്റ് സ്കോളർഷിപ്പുകളും മറ്റ് പ്രോത്സാഹനങ്ങളും കുട്ടികളുടെ പഠന നിലവാരത്തെ മികച്ചതാക്കുന്നു.

കഥ

*Abhinav Shaji*
*9F*

# *The Handsome Cat*

*LONG long ago there was a handsome cat named Bunny. The cat was an intelligent and very cunning. It lived in a village named Shanthipuram. The village was a wonderful place. All the people loved that village. The cat was lived in a rich house. All the people loved the cat. The cat had a good training master. He was an animal lover named Ring Master. And the master has so many dogs. He is the rich person in the village. He was a very selfish man but he liked Bunny very well but he never like a cat like Bunny. Once a day Bunny was sleeping suddenly he heard a noise. He got up and checked out a dog was shouting. The dog was very angry. All the people in that village afraid of that dog. At that time the cat came. It got an idea, it stood in front of the dog And challenged the dog if you catch me I will give you food. The dog agreed that challenge. The cat started to ran and the dog also started to catch the dog. The cat ran and stood in front of the pond, the dog followed the cat. The dog reached near to the cat and suddenly the cat moved away and the dog fell down into the pond.*



# പ്രതിവിധി

ഒന്നിനെ

തരപ്പെടുത്താമെന്ന്

പ്രതി.

രണ്ടിനെയും

ശരിപ്പെടുത്തുമെന്ന്

വിധി.

പ്രജീഷ് എ. തളീക്കര

കവിത

അനാമിക സി. ബി
6-B

## മേഘം

മനസ്സിൻ അടിത്തട്ടിൽ പെയ്ത നീ
മനം കവർന്ന മാരിവില്ലിൻ
ചിറകാണു നിൻ തൂമെത്തകൾ
നിന്റെ ശിരസ്സിലൂടെ പായുന്ന
സൂര്യതേജസ്സിൻ വഴികാട്ടിയാണു
നിൻ ഹൃദയസ്പന്ദനങ്ങൾ

.....................

Oil Paintings

# സ്നേഹചിത്രങ്ങൾ




Sita Lakshmi
X L









കവിത

നിരഞ്ജന കെ.പി
5-D

# മഴ

മഴ മേഘങ്ങൾ വിരിയുന്നു-
ഉതിർന്ന സൂര്യൻ മറയുന്നു.
കാറ്റും മഴയും വന്നതിനാൽ
പച്ച മരങ്ങൾ ചായുന്നു
വിരിഞ്ഞ പൂക്കൾ കൊഴിയുന്നു
കുട്ടികൾ മഴയിൽ കളിക്കുന്നു
ഭയപ്പെടുത്തും ഇടി വന്നു
കുട്ടികൾ പേടിച്ചോടിപ്പോയി
വയലുകൾ എല്ലാം മുങ്ങി പോയി
കിളികളെല്ലാം പറന്നു പോയി
മഴയേ മഴയേ വേഗം പോ
ചൊരിയും മഴയേ വേഗം പോ
!!!!!!!

ഗായത്രി കെ
IX K

# അലയുകയാണയാൾ

**അ**യാൾ നടന്നു നീങ്ങുകയാണ് . എങ്ങോട്ടെന്നില്ലാതെ എവിടെ യാണോ എത്തുന്നത് അവിടേക്ക് എത്രയോ അയാൾ വിശപ്പും ദാഹവും സഹിച്ച് എങ്ങോട്ടെന്നില്ലാതെ പോവുന്നു

അയാൾ അനാഥനല്ല . അയാൾക്ക് ഭാര്യയുണ്ട് ,മക്കളുണ്ട് , ചെറുമക്കളുണ്ട് , പിന്നെ അയാളെങ്ങനെഅനാഥനായി ? അയാൾക്ക് നല്ല വസ്ത്രങ്ങളില്ല താടിയും മുടിയും ഒക്കെ വളർന്ന് ഒരു ഭ്രാന്തന്റെ രൂപം

അയാൾക്ക് ഭ്രാന്തുണ്ടോ ?

ഇതൊക്കെയായിരുന്നു അവളുടെ മനസിലെ ചോദ്യങ്ങൾ ഈ ചോദ്യങ്ങൾ ക്കെല്ലാം ഉത്തരം കണ്ടെത്താൻ അവൾക്ക് ആഗ്രഹം തോന്നി . അവൾക്ക് അയാളോട് മറ്റുള്ളവൾ കാണിക്കുന്നത് പോലെ ഒരു വെറുപ്പ് ഒരിക്കലും തോന്നിയില്ല. അവൾ അയാളോട് അടുത്തിടപഴകി അയാളുടെ ജീവിതത്തിലെ എന്തൊക്കെ സംഭവങ്ങളാണ് അയാളെ ഭ്രാന്തനാക്കിയതെന്നറിയാനൊരാഗ്രഹം ഒരു ജിജ്ഞാസ.

ഒരു ദിവസം സ്കൂളിൽ നിന്നു വരുമ്പോൾ അയാൾ ഒരു കടത്തിണ്ണയിൽ ഇരിക്കുന്നത് അവൾ കണ്ടു . അവൾ അയാളുടെ അരികിലേക്ക് നടന്നു .

എന്നിട്ട് ചിരിച്ചുകൊണ്ടയാളുടെ അരികിൽ നിന്നു .

അയാൾ ചിരിക്കുവാൻ ശ്രമിച്ചു .

"നിങ്ങളുടെ പേരെന്താണ് അപ്പൂപ്പ ?"

അയാൾ ഒന്നും പറഞ്ഞില്ല അവൾ അവളെ സ്വയം പരിചയപ്പെടുത്തി .

"എന്റെ പേര് മീര". ''ഞാൻ ദാ ആ കാണുന്ന സ്കൂളിലാണ് പഠിക്കുന്നത് "

അവൾ അയാളുടെ കണ്ണുകളിലേക്ക് ശ്രദ്ധിച്ചു .അയാളുടെ കണ്ണുകളിൽ നിന്നും കണ്ണുനീർ ധാര ധാരയായി പൊടിയുന്നുണ്ടായിരുന്നു . അവൾ അയാളോട് ചോദിച്ചു നിങ്ങൾ എന്തിനാണ് കരയുന്നത് . അയാൾ കണ്ണുനീർ തുടച്ചു .

അപ്പോൾ അയാൾ പറഞ്ഞു .

"മകളെ എനിക്ക് വിശക്കുന്നു"

അവൾ തന്റെ ബാഗിൽ നിന്നും അയാൾക്കായി കൊണ്ടുവന്ന ആ ഭക്ഷണം അയാൾക്കുനേരെ നീട്ടി .

അദ്ധേഹം ആർത്തിയോടെ അതു വാങ്ങികഴിച്ചു .

എന്നിട്ട് അയാൾ പറഞ്ഞു . "എന്റെ പേര് നാരായണൻ'. " ഞാൻ ഈ നാട്ടിലുള്ളതല്ല കുറച്ച് വടക്കുന്ന"എന്നിട്ട് പറഞ്ഞു. "എന്നെ എല്ലാവരും ഒരു ഭ്രാന്തനായിട്ടാണ് കാണുന്നത്.എന്നിട്ട് നീ മാത്രം എന്തേ ഇങ്ങനെ "എന്നു ചോദിച്ചു. അവൾ പറഞ്ഞു"എനിക്കറിയാം നിങ്ങൾ ഭ്രാന്തനല്ല എന്നും നിങ്ങൾ ഒരു തെറ്റും ചെയ്തിട്ടില്ല എന്നും ". അവൾ അദ്ദേഹത്തോട് ചോദിച്ചു നിങ്ങൾക്ക് എന്താണ് യ എന്ന് ?

അയാൾ പറഞ്ഞു"ഞാൻ ഒരു ധനികനായിരുന്നു വടക്ക് അറിയപ്പെട്ടിരുന്ന ഒരു ധനികൻ എന്നാൽ ഇന്നങ്ങനെയല്ല. എന്റെ സമ്പാദ്യം മുഴുവൻ ഞാൻ എന്റെ മക്കളുടെയും ഭാര്യയുടെയും പേരിൽ എഴുതിവച്ചു എന്നാൽ ധനത്തിന്റെ മേൽ എന്റെ ഭാര്യയ്ക്കും മക്കൾക്കും ഉള്ള അത്യാർത്തി മൂലം

അവർ എന്നെ വീട്ടിൽ നിന്നും പുറത്താക്കി ഇന്നും ഞാൻ അനാദനാണ് ഞാൻ എന്റെ മക്കൾക്ക് കൊടുത്ത സ്നേഹത്തിന്റെ ഒരംശം പോലും അവർ എനിക്ക് നൽകിയില്ല." "എന്നാൽ നീ അങ്ങനെയല്ല "

അയാൾ തന്റെ കരച്ചിൽ അടക്കാൻ ശ്രമിച്ചു പക്ഷേ കഴിഞ്ഞില്ല. അയാളുടെ കണ്ണുനീർ ധാരധാരയായി അവളുടെ പാദത്തിൽ വീണു. അയാൾക്ക് പൊട്ടിക്കരയാൻ തൊന്നി. അവൾ അവളുടെ ബാഗുമെടുത്ത് ഓടി, പക്ഷേ അവൾക്ക് അധികദൂരം ഓടാൻ കഴിഞ്ഞില്ല. അവൾ അയാളുടെ അടുത്തേക്ക് പോയി എന്നിട്ട് അയാളെയും അവളുടെ വീട്ടിലേക്ക് കൊണ്ടുപോയി. അവിടെ വച്ച് അവളും അവളുടെ ചേട്ടനും കൂടെ അയാളെ കുളിപ്പിച്ച് വൃത്തിയാക്കി നല്ല വസ്ത്രങ്ങൾ ഉടുപ്പിച്ച്, നല്ല ഭക്ഷണങ്ങൾ നൽകി അയാളുടെ മനസ്സ് സന്തോഷം കൊണ്ട് നീറി അയാളുടെ കണ്ണുകളിൽ നിന്ന് ആനന്ദാശ്രു പൊഴിഞ്ഞു

അവൾ അയാളോ പറഞ്ഞു ; "നിങ്ങൾ ഇന്നുമുതൽ അനാദനല്ല". "നിങ്ങൾക്ക് മക്കളുണ്ട് ഇന്നു മുതൽ എല്ലാമുണ്ട്

അയാൾ അവളോട് പറഞ്ഞു "മകളേ നിന്റെ സ്നേഹം എനിക്ക് മനസ്സിലായി നിന്നെപ്പോലെ ഒരു മകളെ കിട്ടിയതിൽ നിൻെറ മാതാപിതാക്കൾ ഭാഗ്യവാൻ മാരാണ്.

"എനിക്ക് ഇനി ഒന്നും വേണ്ട ഞാൻ പോകുന്നു " അയാളുടെ ശബ്ദമിടറി

അവൾ പതറിയ ശബ്ദത്തോടെ ചോദിച്ചു "എങ്ങോട്ട്?"

അയാൾ ഒന്നും പറയാതെയിറങ്ങി. അവൾ വിളിക്കാനായ് ശബ്ദമുയർത്തി പക്ഷേ കഴിഞ്ഞില്ല അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി.

അയാൾ നടന്നുനീങ്ങുകയാണ് എവിടെയെന്നില്ലാതെ.......



Nishana Uvais
X-I

# MY SECOND LIFE

Hloo.., Good Morning, today is your discharge mom. Are you feeling good now? ‘yes dother’ This is my second life and this life is a gift for me by my Cathin. [Expressing her feelings. He was an unexpected guest of our Family can you please tell your flash back Miss Meera

Doctor asked. She started her story emotionally. Cathin came to my family when I was fifteen.

Who is this Cathin? And How he came to you family.

He is a dog. I meet him in Calicut street at first. He was a small puppy. At that time ‘A cute puppy’ He was so hungry and thirsty. I was attracted to him. I watched him for a long time. My dad was seeing my expression who took that puppy so carefully and gave him to me. I was so happy and he was a turning point in my life.
I don’t have my sister or brother.
But he was my everything. My life life got beauty and enjoyable because of him. Cathin I miss you my dear. [crying]

Every where he came with me. He was my confide and best friend . He was with me for all problems to solve the problems don’t have fear when he is with me. He was a security for our family. My house was so active when he came to our house. Somany people came to our house for my Cathin .But I was not ready to give up him . Because our relationship was like that. He saved my dad from an attempt of suicide. My dad was a lawned lawyer. He was a good lawyer in Calicut. I am proud of him. One day he was cheated in case. And the case became disordered. Everybody said that he was a cheating lawyer. He was so sad and he did not go anywhere because of society. He was stressed and he made an attempt for suicide. Cathin knew all his problems and he always watched him. And my dad care back to his life. Cathin helped him for solving that case and dad got his job back. He make

our family happy. At that time we planned to go on a picnic from there. Look, this is my Cathin. She took a photo and showed it to doctor. I enjoyed my picnic in Mumbai with my family. He is a member in our family. We stayed in a lodge there. It was 12 midnight. We all were sleeping. Suddenly I heard a sound outside. Crying. At that time I understand that the lodge caught fire. I was so scared. I ran to open my room's door. But it was locked. I thought that I was dead. But at that time somebody is trying to open that door and I pushed the door. I didn't see anyone there. I ran outside. All were safe there. I ran outside. All were safe there too. But my body is full of injuries and ambulance came there and they took me to hospital. I was so confused that who had saved me. My mom came there to me and I asked her where Cathin was.

She didn't say anything. I asked again and she told me she had found Cathin there at my door. I was shocked.

"Is he safe.?" I asked.

"No! He burnt to death." Mom replied.

I can't live,

live without him Doctor.....

Don't worry. He is always with you.

In your heart.

I LOVE YOU CATHIN

Devananda
8I

# LONELINESS

**A lone flower that blooms
With a lone blue gloom
A single drop of precious honey
As yellow as the sky is sunny
A feeling of hunted grief
Like the tree when plucked a leaf
No more echoing laughs
A pure heart broken in halves
Even when hopping for dreams in sleep
Nightmares appear from within deep
A cold winter that never thaws
Resembling a never -ending loss
Waiting for a golden spring
When all birds fly and sing
No hand to reach out
Making the heart fill with doubt
Seeing only the mirror as a friend
Trying your best to mend
The knowledge that breaks you apart
Even before the very start
Days and night in a loop
A hailstorm with its troop
A metal lantern unlit at night
Wind locked in an endless fight
Cities of people alive and well
More in number than seashells
Being stuck in a double
In between all the rubble
Even with flesh skin and bones**

**why do you still feel alone?
A question to be asked with word
Yet can’t be answered even by god’s
A crystal spiral slowly spinning
The feeling keeps on winning
Stronger than a broken soul
It’s power are fatal and foul
A spider web that is never done
It says falling through is “fun”
Something done with ease in moments
But it is not you it torments
The gift of complete blindness
Including the force of goodness
The lone tear of a lone flower
Watching on a screen from a tower
The gift of complete silence
That leads many to violence
A deadly hex from above
The silence, you should love
But there is always hope
The mightiest of life -ropes
For a new beginning
Because love is never -ending
There is always a season
That beautiful smell of spring
When the lone blue flower
Sees its worth itself
And blossoms into its best work
The will to rise
And the strength to pay the price
The faraway dream of happiness
That blooms from the ashes of sadness.**



LASIM.M.K
IX-J

# അമ്മ

അമ്മയിൽ നിന്നും പകർന്നൊരു
വാത്സല്യമിപ്പോഴും ചുണ്ടത്തുതന്നെയുണ്ട് .
അമ്മയിൽ നിന്നും നുകർന്നൊരു
സ്നേഹമെൻ ഹൃദയതാളത്തിലായിന്നുമുണ്ട്.
നമ്മെ ജനിപ്പിച്ച മാതാവിനിപ്പോഴും
നമ്മോട് വാത്സല്യമെന്നുമുണ്ട്.
ഹൃദയതാളത്തിൽ ചോല്ലുന്ന ജനനീ
മാതാ പിതാ ഗുരു ദൈവം എന്ന്
അമ്മയിൽ നിന്നും ചുരന്നൊരാ
കരുണയുടെ കിരണങ്ങൾ ഇപ്പോഴും
ഭാവത്തിലിന്നുമുണ്ട്.
അമ്മയുടെ കരുതലിൻ കൈ കൂപ്പി
നിൽക്കാം നാം
നമ്മുടെ അമ്മമാർ ദൈവമാണ്.

**അദീന എ**

**VIII E**

# 'എനിയൊരു അതിജീവനം'

**അ**ന്ന് മഴക്ക് അവസാനംമില്ലായിരുന്നു.ഗ്രാമ പ്രദേശങ്ങള് വെള്ളത്തിലായ്, കുരിരുട്ട്എതോ വാശിയോടെന്ന പോലെ മഴ പെയ്തുകൊണ്ടിരുന്നു. അപോയായിറ്റുന്നു വടക്കേയില്ലത്തെ നമ്പൂതിരിപ്പാടും കുടുബവും താങ്ങാനിടമില്ലാതെ അബ്ദുവിന്റെ വീട്ടിലെത്തിയത് ദാരിദ്യത്തിന്റെകൊടും വേദന അനുഭവിക്കുന്ന പച്ചമനുഷ്യരെ കാണാമായിരുന്നു അബ്ദുവിന്റെ വീട്ടില് എങ്കിലും ആ വീട്ടില് സ്നേഹത്തിന് ഒരു കുറവുമുയിരുന്നില്ല. പെട്ടന്ന് നമ്പൂതിരിപ്പാട് കതക്മുട്ടികുറച്ച് തമസിച്ചാമെങ്കിലും അബ്ദുകതകുഉറന്നു. ആ കണ്ട കാഴ്ച അബ്ദുവിനെ ഞെട്ടിച്ച .എന്താണിത് നമ്പൂതിരിപ്പാടോ മടിക്കാതെ അകത്തേക്കു വാ. തലതാഴ്ത്തികൊണ്ട്

നമ്പൂതിരിപ്പാട് പറഞ്ഞു "അബ്ദു കഴിഞ്ഞതെല്ലാം മറക്കണം ഞങ്ങള്ക്ക്അഭയം തരണം".അബ്ദു അപ്പോള് നമ്പൂതിറിപ്പാടിന്റെ കൈപിടിച്ച് അകത്തേക്ക് കയറ്റി. എന്നിട്ട് പരസ്പ്പരം സഹായിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്ത്വമല്ലെ.അപ്പോഴാണ് നമ്പൂതിരിപ്പാട് ഓർത്തത്,കഴിഞ്ഞ പ്രളയത്തിൽ അബ്ദുവിൻെറ വീട്ടിൽ

വെള്ളം കയറിയതുകൊണ്ട് അന്ന് രാത്രി അഭയം ചോദിച്ച വന്ന അബ്ദുവിനെ പടിചവിട്ടാന് സമ്മതിക്കാതെ നിന്നതും മറ്റും. അന്ന് ഇല്ലത്തിൽ ചവിട്ടില്ലെന്ന് പറഞ്ഞ് ഇല്ലമാകെ ശുദ്ധിയാക്കിയതുമെല്ലാം.എന്നാല് ഇത്

എല്ലാംമാറിമറിഞ്ഞു.നമ്പൂതിരിപ്പാടിൻെറ ഇല്ലമാകെതകർന്ന് തരിപ്പടമായി.നമ്പൂതിരിപ്പാട് കരഞ്ഞുകൊണ്ട്

അബ്ദുവിനോട് പറഞ്ഞു"അബ്ദു എൻെറ കൈയ്യില് നിനക്ക് തരാനായിയൊന്നുമില്ല. അബ്ദു നമ്പൂതിരിപ്പാടിനോട് പറഞ്ഞു"അങ്ങ് വലിയ ബ്രാമണനാണ് എങ്കില് ഞാനൊരു പാവം. എനിക്ക് അങ്ങ് ഒന്നും തരേണ്ടതില്ല.എൻെറ വീട്ടില് വന്നില്ലേ എനിക്ക് അതുമതി"അബ്ദുവിൻെറ മുന്നില് നമ്പൂതിരിപ്പാട് പേടറ്റ മരത്തെപ്പോലെയായി.അന്ന്

അബ്ദുവും നമ്പൂതിരിപ്പാടും  ഒന്നിച്ച് ആഹാരംകഴിക്കുകയും ഒന്നിച്ച് അന്തിയുറങ്ങുകയും ചെയ്തു.പിറ്റേന്ന് രാവിലെയോടെ മഴയുടെ ലാസ്വനിർത്തം താണ്ഡവമായി. അത് കണ്ണീരിൻെറ പ്രളയമായി.

ആ ഗ്രാമത്തിലെ നിരവധിപേർക്ക് അവരുടെ ജീവന് പോലും നഷ്ടപ്പെട്ടു. അബ്ദു താമസിക്കുന്ന ആ തുരുത്തു മാത്രം  ഒറ്റക്കായി ശൂലംകുത്തിപയുന്ന ആ വെള്ളച്ചലിന്റെയിടയിൽ ആ തുരത്ത് ആരോക്കെയോ കാത്തുനിൽക്കുന്നതുപോലെ ജീവന് ഭീഷണിയായി അവിടെനിന്നു പിന്നീട് ഒരു വലിയ രക്ഷാസേന അവരെ അവിടെ നിന്ന് ക്യാബിലേക്ക് മാറ്റി അവിടെ അബ്ദുവും നമ്പൂതിരിപ്പാടും കുടുമ്പവും മാത്രമല്ല വലിയോരു ജനതയുടെ കൂട്ടായമയുമുണ്ടായിരുന്നു അവിടെ എല്ലാവരും ഒരുമിച്ചായിരുന്നു. ഒറ്റക്കെട്ടായി നിന്നു. അവരുടെ മനസ്സ് അതിജിവനത്തിന് വേണ്ടി തുടിക്കുകയായിരുന്നു എന്നാലും ഉറ്റവരെ കാത്ത്കണ്ണീരോടെ പലരും വിതുമ്പുന്നുണ്ടായിരുന്നു പരസ്പരം സഹായിച്ചും വിഷമങ്ങള് പങ്കിട്ടും അവർ അവിടെതന്നെയായി മഴയെ പേടിക്കുന്ന ഒരുകൂട്ടം ജനത അവിടെ പിറവിയെടുത്തു. പിന്നീട് അതിജീവനത്തിന്റെ നാളുകളിലേക്ക് അവർ തയ്യാറായി.

AHALAM ABDULLA

IX J

# NON-EXISTENT LONELINESS

Little one,  little one
You are indeed a miracle of god
The 8th wonder of the world
Unfazed by the miseries you face
or by the disaster you witness
Of hopelessness, famine and drought
Of hurt
Little one, Little one
How do you find hope when there is none?
How do you smile when there is no joy.?
How do you manage to keep that
Merry, twinkling magic in your eyes
How do you survive the sorrow,
That comes hand in hand with your loneliness?
Her smile burst forth
A little pink blossom in a dreary winter
'Who says there is no the pitter patter of the dancing rain
That seeks to be heard over the roar of the bombs?
Isn't it there in the song of the howling wind
As it ravages our land?
I nod, furrows on my brow
She sees it and smiles again. It's like a lamp
You speak of loneliness. It is non-existent.
Haven't I the birds to sing soft lullabies
To me and my siblings in Palastine?
Haven't I?

I see light, where I had seen darkness
It is dazzling, and lift the black veil on my mind.
I am rejuvenated, and I look at my barren world with new eyes
I thank her for blessing, and turning, I walk away
Behind me, a pair of eyes watch me.
Slowly, they turn away.
Dark, glowing eyes they be.
Lit by the fires that burned her home
glimmering with power.
But as I fade from sight, they fill with pain
and with loneliness.



Adith VS

9A

# Lovely Crimson Sets...



## Sub Dt. District & State winners....




Congratulations.........



## SSLC, USS, NMMS WINNERS











# Snapshots....







